നിലവിൽ ജോലി നോക്കിവരുന്ന ഫാർമസിസ്റ്റ്, നഴ്സ്, മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് എന്നീ വിഭാഗക്കാരിൽ ബി.എ.എം.എസ്. യോഗ്യത നേടിയിട്ടുള്ളവർക്ക് ബൈ ട്രാൻസ്ഫർമുഖേന പബ്ലിക് സർവ്വീസ് കമ്മീഷൻവഴിയുമാണ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തിക യിലേയ്ക്ക് നിയമനം നടത്തിവരുന്നത്. ബൈ ട്രാൻസ്ഫർവഴി നിയമനം നടത്തുന്നതിലേയ്ക്ക് മെഡിക്കലാഫീസർ (ആയുർവ്വേദ) തസ്തികയുടെ കേഡർ സ്ട്രെംഗ്തിന്റെ 10% പ്രസ്തുത വിഭാഗങ്ങളിലുള്ളവർക്കായി നീക്കിവച്ചിട്ടുള്ളതുമാണ്. നിലവിലുള്ള സ്പെഷ്യൽ റൂളിന് വിധേയമായിട്ടുവേണം മെഡിക്കലാഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് എന്നിരിക്കെ ശ്രീമതി ഗൗരി വി. പി. സമർപ്പിച്ച അപേക്ഷയിൽ പറയുംപ്രകാരം കണ്ണൂർ പരിയാരം ആയുർവ്വേദ കോളേജിൽനിന്നും ബി.എ.എം.എസ്. കോഴ്സ് പൂർത്തിയാക്കിവരുന്ന ആയുർവ്വേദ നഴ്സുമാർക്ക് മാത്രമായി മെഡിക്കലാഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ നൽകാൻ സാധിക്കുകയില്ല എന്ന് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ

32 (3463) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുജനാരോഗ്യ മേഖലയിൽ ഓരോ വർഷവും മരുന്നുകൾ, ചികിത്സാ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എത്ര രൂപ വീതമാണ് ചെലവഴിച്ചത് ; ഇതിലേക്കായി എത്ര രൂപയാണ് നീക്കി വച്ചിരുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ കുട്ടികളുടെ സൗജന്യ കുത്തിവയ്പ്പിനുള്ള മരുന്നുകൾ വാങ്ങാൻ ഓരോ വർഷവും ചെലവഴിച്ചതും നീക്കിവച്ചിരുന്നതുമായ തുക എത്രയാണ് ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വകുപ്പിലും എത്ര കിടക്കകൾ വീതം പുതുതായി അനുവദിച്ചിട്ടുണ്ട് ;

(ഡി) മന്ത്രിസഭ തീരുമാനിച്ചിട്ടും ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടാത്തതിനാൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്ത എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly